**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3561** **12-03-2025 - ൽ മറുപടിയ്ക്ക്**

**മങ്കട ആർട്സ് & സയൻസ് കോളേജിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട ആർട്സ് & സയൻസ് കോളേജിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്നും ഏതെല്ലാം ഫണ്ട് ഇതിനായി വകയിരുത്തിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അറിയിക്കുമോ; | (എ) | **2021-22 സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി സംരക്ഷണ ഭിത്തി നിർമ്മാണം നടത്തുന്നതിനായി 99,35,541/ രൂപ അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.** |
| (ബി) | പ്രസ്തുത കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടന്നു വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും ഏത് ഏജൻസി വഴിയാണ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ; | (ബി) | **കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് 8,66,12,211/ - (എട്ട് കോടി അറുപത്തിയാറ് ലക്ഷത്തി പന്ത്രണ്ടായിരത്തി ഇരുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നല്കുകയും പദ്ധതി നിർവഹണ ഏജൻസി ആയി KSITIL - നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതിക അനുമതി ലഭിക്കുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.** |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത കോളേജിൽ പുതിയതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമെന്നും പുതിയതായി ആരംഭിക്കുന്നതിന് പരിഗണനയിലുള്ള കോഴ്സുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത കോളേജിൽ പുതിയതായി കോഴ്സുകൾ അനുവദിച്ചിട്ടില്ല. പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ